"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മുണ്ടൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. വിജയലക്ഷ്മി കെ., യു.പി.എസ്.ടി., ശ്രീമതി ദീപ പി. എന്നിവർ ഫയൽ ചെയ്ത **WP(C)No.35045/2024** ന്മേൽ ബഹു. ഹൈക്കോടതി യുടെ **13.01.2025** തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3175/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. പാലക്കാട് മുണ്ടൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി. വിജയലക്ഷ്മി കെ. യുടെ 05/11/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P5).
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.35045/2024 ന്മേലുള്ള 13/01/2025 തീയതി വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/04/2025 തീയതിയിലെ DEOPKD/1939/2024-B6 നമ്പർ കത്ത് .
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/04/2025 തീയതിയിലെ ഇഎം1/7801/2025/ഡി.ജി.ഇ നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/04/2025 തീയതിയിലെ DDEPKD/3603/2024-G1 നമ്പർ കത്ത് .
6. സ.ഉ. (കൈ) നം.31/2026/GEDN തീയതി 18/02/2026

**<u>ഉത്തരവ്</u>**

പാലക്കാട് മുണ്ടൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി. വിജയലക്ഷ്മി കെ., യു.പി.എസ്.ടി., ശ്രീമതി ദീപ പി. എന്നിവർ ഫയൽ ചെയ്ത WP(C)No.35045/2024-ന്മേൽ ബഹു. ഹൈക്കോടതി 13.01.2025 തീയതിയായി പുറപ്പെടുവിച്ച വിധിന്യായത്തിൽ, EXT P5 (Revision Petition dated 05.11.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന്, ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തി 30.04.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം ഹിയറിങ് നടത്തുകയുണ്ടായി.

2. ശ്രീമതി വിജയലക്ഷ്മിയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

(i) ടിയാൾക്ക് 01.06.2011 മുതൽ UPST ആയി നിയമനാംഗീകാരം ലഭിച്ചു.

` (ii) UPST ആയി തുടരുന്ന കാലയളവിൽ ഇൻ സർവീസ് എഡ്യൂക്കേഷന്റെ ഭാഗമായി 2017-18 അധ്യയന വർഷത്തിൽ നേടിയ ഹിന്ദി ശിക്ഷാ സ്നാതക് കോഴ്സ് എച്ച്.എസ്.ടി. തസ്തികയ്ക്കുള്ള യോഗ്യതയായി പരിഗണിച്ച് 15.07.2021 മുതൽ ടിയാൾക്ക് എച്ച്.എസ്.ടി. (ഹിന്ദി) ആയി സ്ഥാനക്കയറ്റം നൽകുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകുകയും ചെയ്തു. എന്നാൽ, ശിക്ഷാ സ്നാതക് കോഴ്സിന്റെ അംഗീകാരം 2014-15-നുശേഷം നിലനിൽക്കുന്നതല്ല എന്ന കാരണത്താൽ ടിയാളുടെ എച്ച്.എസ്.ടി. തസ്തികയിലെ അംഗീകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തു.

(iii) ടി കോഴ്സിന്റെ അംഗീകാരം 2014-15 വരെ പരിമിതപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനം 17.02.2020-ന് മാത്രമാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത് എന്നതിനാൽ 2017-18 കാലയളവിൽ ടിയാൾ നേടിയ കോഴ്സ് സർട്ടിഫിക്കറ്റ് സാധൂകരിക്കാതിരിക്കുന്നത് നീതിനിഷേധമാണ്.

(iv) ഗവൺമെൻറ് സ്കൂളുകളിലേക്കുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ (ഗസറ്റ് ഡേറ്റ് 30.05.2023) ശിക്ഷാ സ്നാതക് കോഴ്സ് യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്.

(v) യോഗ്യതയുടെ കാര്യത്തിൽ വിവേചനം പാടില്ല എന്ന് മിനി വേണുഗോപാൽ Vs. സ്റ്റേറ്റ് ഓഫ് കേരള ILR 2012(1) കേരള 23 (ഡി ബി) കേസിന്റെ വിധിയിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

(vi) ശിക്ഷാ സ്നാതക് കോഴ്സിനോടൊപ്പം റദ്ദ് ചെയ്യപ്പെട്ട കേരള ഹിന്ദി പ്രചാര സഭയുടെ ആചാര്യ കോഴ്സ് യോഗ്യതയായി പരിഗണിച്ച് 18.04.2025-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O. 68/2025)

(vii) ശിക്ഷാ സ്നാതക് കോഴ്സിന്റെ അംഗീകാരം റദ്ദ് ചെയ്ത ഉത്തരവിന്റെ തീയതി വരെ ടി കോഴ്സിന്റെ അംഗീകാരം നിലനിർത്തി ടിയാളുടെ എച്ച്.എസ്.ടി. (ഹിന്ദി) പ്രൊമോഷൻ അംഗീകരിച്ച് നൽകണമെന്ന് ഹർജിക്കാരി അഭ്യർത്ഥിക്കുന്നു.

3. ശ്രീമതി ദീപയുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

(i) ശ്രീമതി കെ. വിജയലക്ഷ്മിക്ക് എച്ച്.എസ്.ടി.(ഹിന്ദി) ആയി 15.07.2021-ന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ടിയാളെ 15.07.2021 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ചു.

(ii) ശ്രീമതി വിജയലക്ഷ്മിയുടെ പ്രൊമോഷൻ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി ദീപയ്ക്ക് നിലവിൽ നിയമനാംഗീകാരം നൽകുകയോ ശമ്പളം ലഭിക്കുകയോ ചെയ്യുന്നില്ല.

(iii) Staff fixation-ൽ അംഗീകരിക്കപ്പെട്ട യുപിഎസ്ടി തസ്തികകൾ ടിയാളുടെ തസ്തികയ്ക്ക് ശേഷവും നിലനിൽക്കുന്നതിനാൽ ടിയാൾക്ക് 15.07.2021 മുതൽ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. ടിയാൾക്ക് നിലനിൽക്കുവാൻ തസ്തിക ലഭ്യമാണ് എന്നതിനാൽ ടിയാളുടെ ശമ്പളം നിലനിർത്തി നൽകണമെന്ന് ടിയാൾ ആവശ്യപ്പെടുന്നു.

4. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

(i) എച്ച്.എസ്.ടി. ഹിന്ദി തസ്തികയിൽ നിന്നും ശ്രീമതി കെ.രജനി 31.05.2021 ൽ വിരമിച്ച ഒഴിവിൽ ശ്രീമതി വിജയലക്ഷ്മി കെ.യ്ക്ക് 15.07.2021 മുതൽ ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി.

(ii) ടി നിയമനം വ്യവസ്ഥാപിത ഒഴിവിലായതിനാലും 43 അവകാശി ആയതിനാൽ ഭിന്നശേഷി സംവരണം പാലിക്കേണ്ടതില്ലാത്തതിനാലും ടിയാളുടെ നിയമനത്തിന് അംഗീകാരം നൽകി.

(iii) എന്നാൽ ഉപഡയറക്ടറുടെ ഓഡിറ്റ് പരിശോധനയിൽ, ടിയാൾ 2014-15 വരെ മാത്രം അംഗീകാരമുള്ള ശിക്ഷാ സ്നാതക് കോഴ്സ് 2018-ലാണ് നേടിയിട്ടുള്ളതെന്നും, ടിയാളുടെ സർട്ടിഫിക്കറ്റുകൾ വെരിഫൈ ചെയ്തിട്ടില്ലെന്നും എച്ച്.എസ്.എ. (ഹിന്ദി) നിയമനത്തിന് നേടിയ യോഗ്യതകളുടെ ജനുവിൻനെസ്സ്, ഇക്വലൻസി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലെന്നും കണ്ടെത്തുകയും, ടി ഓഡിറ്റ് തടസ്സവാദത്തെ തുടർന്ന് വിജയലക്ഷ്മിക്ക് യു.പി.എസ്.ടി. തസ്തികയിലെ ശമ്പളം അനുവദിച്ച് നൽകുകയും ശ്രീമതി ദീപയുടെ ശമ്പളം തടഞ്ഞു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(iv) പബ്ലിക് സർവീസ് കമ്മീഷന്റെ 31.12.2024-ലെ കാറ്റഗറി നമ്പർ. 604/24 വിജ്ഞാപനത്തിലും ശിക്ഷാ സ്നാതക് യോഗ്യത ഉൾപ്പെടുത്തിയിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി വിജയലക്ഷ്മിയുടെ എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം വ്യവസ്ഥാപിത ഒഴിവിലാണെങ്കിലും ടിയാൾ 2018-ൽ നേടിയ ശിക്ഷാ സ്നാതക് കോഴ്സിന് 2014-15 വർഷം വരെ മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ എന്ന കാരണത്താലാണ് ടിയാളുടെ നിയമനം റദ്ദ് ചെയ്യുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ തീരുമാനമെടുത്തിട്ടുള്ളത്.

6. എന്നാൽ, ശ്രദ്ധേയമായ കാര്യം ടി കോഴ്സിന് 2014-15 വരെ മാത്രം പ്രാബല്യം നൽകിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് 17.02.2020-നാണ്. ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ നേരത്തെ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് കേരളത്തിൽ ബാധകമാക്കിയിട്ടുള്ളത് 2020 വർഷത്തെ ഉത്തരവിലാണ്. ടി ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയിരിക്കുന്നതിനാൽ 2020 വരെ ടി കോഴ്സ് പഠിച്ചിട്ടുള്ളവരെ ടി ഉത്തരവ് പ്രതികൂലമായി ബാധിക്കുന്നുണ്ട്. ശ്രീമതി വിജയലക്ഷ്മിയെ യു.പി.എസ്.ടി. തസ്തികയിലേക്ക് റിവേർട്ട് ചെയ്താലും ടിയാൾക്കും ടിയാളുടെ പ്രമോഷൻ ഒഴിവിൽ യുപിഎസ്ടി ആയി നിയമിക്കപ്പെട്ട ശ്രീമതി ദീപയ്ക്കും നിലനിൽക്കുവാൻ സ്കൂളിൽ തസ്തിക ലഭ്യമാണെന്ന് മാനേജർ അറിയിച്ചിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ, താഴെപ്പറയുന്നവ സർക്കാർ പരിശോധിച്ചു :

(i) ഹർജിക്കാരി (P1) 2018-ൽ കരസ്ഥമാക്കിയ ശിക്ഷാ സ്നാതക് കോഴ്സിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ എച്ച്.എസ്.ടി.(ഹിന്ദി) നിയമനത്തിനും ടി പ്രൊമോഷൻ ഒഴിവിൽ നിയമിക്കപ്പെട്ട ഹർജിക്കാരി (P2)-ന്റെ യുപി.എസ്.ടി. നിയമനത്തിന് ഭിന്നശേഷി വ്യവസ്ഥയ്ക്കനുസരിച്ചും 15.07.2021 മുതൽ അംഗീകാരം നൽകാമോ ;

(ii) മേൽപ്രകാരം നിയമനാംഗീകാരം നൽകുന്നതിന് ചട്ടപ്രകാരം സാധ്യമല്ലെങ്കിൽ, രണ്ട്

ഹർജിക്കാർക്കും നിലനിൽക്കുവാൻ യു.പി.എസ്.ടി. തസ്തിക ലഭ്യമാണെന്ന് മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, P1-നെ റിവേർട്ട് ചെയ്യുന്നതിനും; P2-ന് 15.07.2021 പ്രാബല്യത്തിൽ നിലനിൽക്കുവാൻ UPST തസ്തിക ഉണ്ടെന്ന് ഉറപ്പുവരുത്തി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി വ്യവസ്ഥകൾക്കനുസരിച്ച് പ്രൊവിഷണലായി ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകാമോ ?

13-03-2026 തീയതിയിൽ സ.ഉ.(കൈ) നം. 72/2026/GEDN ഉത്തരവ് പ്രകാരം 2022-23 അധ്യയന വർഷം വരെ ദക്ഷിണ ഭാരത ഹിന്ദി പ്രചാര സഭയുടെ ശിക്ഷാ സ്നാതക്' കോഴ്സിൽ അഡ്മിഷൻ നേടുകയോ, ടി കോഴ്സ് വിജയിക്കുകയോ ചെയ്തവർക്ക് എച്ച്.എസ്.എ (ഹിന്ദി) തസ്തികക്ക് മതിയായ ട്രെയിനിംഗ് യോഗ്യതയായും എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയിലേയ്ക്ക് ബി.എഡിനു പകരം യോഗ്യതയായും അംഗീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത യോഗ്യത പ്രഥമാധ്യാപക തസ്തികയിലേക്കോ പ്രിൻസിപ്പൽ തസ്തികയിലേക്കോ ബി.എഡിനു തുല്യമായി പരിഗണിക്കുന്നതല്ല. ഇപ്രകാരം സ്പെഷ്യൽ റൂൾസിലും കെഇആർ-ലും ചട്ടഭേദഗതി വരുത്തുന്നതാണ്.

മേൽ സാഹചര്യത്തിൽ ഹർജിക്കാരി (P1) ശ്രീമതി. വിജയലക്ഷ്മി കെ. 2018-ൽ കരസ്ഥമാക്കിയ ശിക്ഷാ സ്നാതക് കോഴ്സ് സ.ഉ.(കൈ) നം. 72/2026/GEDN തീയതി 13-03-2026 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ എച്ച്.എസ്.ടി.(ഹിന്ദി) നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 15.07.2021 മുതൽ അംഗീകാരം നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകുകയും. ടി പ്രൊമോഷൻ ഒഴിവിൽ നിയമിക്കപ്പെട്ട ഹർജിക്കാരി (P2) ശ്രീമതി ദീപ . പി -ന്റെ യുപി.എസ്.ടി. നിയമനത്തിന് SLP(C) No. 9566/2023 നം. കേസിൽ സർക്കാർ ബഹു. സുപ്രീം കോടതിയെ സമീപിച്ചതിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിന്യായത്തിന് വിധേയമായി, സ.ഉ. (കൈ) നം.31/2026/GEDN, തീയതി 18/02/2026 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ നീക്കിവെച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 15.07.2021 മുതൽ അംഗീകാരം നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി, അപ്രകാരം പാലക്കാട് മുണ്ടൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീമതി. വിജയലക്ഷ്മി കെ., യു.പി.എസ്.ടി., ശ്രീമതി ദീപ പി. എന്നിവർ ഫയൽ ചെയ്ത WP(C)No.35045/2024 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 13.01.2025 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി. വിജയലക്ഷ്മി കെ., എച്ച്.എസ്.ടി.(ഹിന്ദി), മുണ്ടൂർ ഹൈസ്കൂൾ, പാലക്കാട്
ശ്രീമതി ദീപ പി., യു.പി.എസ്.ടി.,മുണ്ടൂർ ഹൈസ്കൂൾ, പാലക്കാട്
മാനേജർ, മുണ്ടൂർ ഹൈസ്കൂൾ, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/404/2025-G.EDN തീയതി: 21/11/2025 )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 11-05-2026 18:08:55

സെക്ഷൻ ഓഫീസർ